തിരുവനന്തപുരം	13,108
കൊല്ലം	27,712
ആലപ്പുഴ	113,450
കോട്ടയം	32,102
ഇടുക്കി	8,155
എറണാകുളം	40,564
തൃശ്ശൂർ	64,835
മലപ്പുറം	20,211
കോഴിക്കോട്	43,157
കണ്ണൂർ	41,927
ആകെ	546,328

(സി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിൽ തർക്കങ്ങൾ

195. [193] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനുശേഷം തൊഴിൽതർക്കങ്ങൾ അഡ്ജുഡിക്കേഷനു വിടുന്നതിൽ മാന്ദ്യം സംഭവിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പിരിച്ചുവിടലിനും ജോലി നിഷേധിക്കലിനും എതിരായി തൊഴിലാളികൾ സമർപ്പിച്ചിട്ടുള്ള അനവധി പെറ്റിഷനുകൾ ലേബർ ഉദ്യോഗസ്ഥൻമാരും ഗവൺമെന്റും പ്രഥമദൃഷ്ട്യാ കേസില്ലെന്നു പറഞ്ഞ് ഫയലുകൾ ക്ലോസ് ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പിരിച്ചുവിടലിനെതിരെ തൊഴിലാളികൾക്ക് തിരികെ ജോലി കിട്ടാൻ നിയമപരമായ ഏക മാർഗ്ഗം അഡ്ജുഡിക്കേഷനാണെന്നിരിക്കെ അതുപോലും അന്യായമായി കൈകാര്യം ചെയ്യുന്നതിനെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ & ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

കുരുമുളകുകൃഷിയുടെ അഭിവൃദ്ധിക്ക് സമഗ്രമായ പരിപാടി

196. [197] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുരുമുളകുകൃഷിയുടെ വികസനവും ഉൽപ്പാദനവും കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും സമഗ്രമായ പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പരിപാടികളുടെ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും സഹായം ലഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കുരുമുളക് കൃഷിയുടെ വികസനവും ഉൽപ്പാദനശേഷിയും കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കുരുമുളക് നെഴ്സറികളുടെ വികസനത്തിനായി ഒരു സംസ്ഥാനാവിഷ്കൃതപദ്ധതിയും കുരുമുളകുകൃഷിക്കുള്ള പാക്കേജ് പദ്ധതിയിൽപ്പെടുത്തി സങ്കരവർഗ്ഗത്തിൽപ്പെട്ട പന്നിയൂർ I കുരുമുളകിനത്തിന്റെ , ത്വരിതഗതിയിലുള്ള വർദ്ധനവും വിതരണവും ലാക്കാക്കിയുള്ള ഉൽപ്പാദനകേന്ദ്രങ്ങൾക്കുമായി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പിലുണ്ട്. കൂടാതെ ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രാവർത്തികമാക്കാവുന്ന സമഗ്രമായ ഒരു കുരുമുളകുകൃഷി വികസനപദ്ധതി, സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞിട്ടുള്ള കേന്ദ്രാവിഷ്കൃതപദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ മുഴുവൻ സഹായത്തോടെ നടത്തപ്പെടുന്നവയാണ്.

സ്റ്റേറ്റ് ഇൻഡസ്ട്രീസ് ഓഫ് കേരളാ ലിമിറ്റഡ്

197. [198] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഡസ്ട്രീസ് ഓഫ് കേരളാ ലിമിറ്റഡിന്റെ നേതൃത്വത്തിൽ, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫോർജിങ്ങ് & യൂണിറ്റ് സ്തംഭനത്തിലായെന്ന വാർത്ത ശരിയാണോ ;

(ബി) അതിന്റെ സത്യാവസ്ഥ എന്താണ് ?

ഉത്തരം

(എ) ശരിയല്ല.

(ബി) ഫോർജിങ്ങ് യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ടിലെ വസ്തുതകൾ സർക്കാർ സജീവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ധാതുനിക്ഷേപ സർവ്വേ

198. [200] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ധാതുനിക്ഷേപ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഈ സർവ്വേക്ക് വിധേയമാകുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ മൈനിംഗ് ജിയോളജി ഡിപ്പാർട്ട്മെന്റ് താഴെ പറയുന്ന ജില്ലകളിൽ ധാതു ഗവേഷണങ്ങൾ നടത്താനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly